# ഭരണഭാഷ - മാതൃഭാഷ


## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം-ശ്രീ.സാമുവൽ.ഡി.സാഗർ,ട്രേഡ് ഇൻസ്ട്രക്ടർ-പഠനാവശ്യത്തിന് നൽകിയിരുന്ന താൽക്കാലിക സ്ഥലംമാറ്റം അവസാനിപ്പിച്ച് തിരികെ തൃശ്ശൂർ മഹാരാജാസ് ടെക്ക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/27396/19/ഡി.ടി.ഇ      തിരുവനന്തപുരം , തീയതി: 09.09.2021

---

വായന:- 1.സ.ഉ.(സാധാ) 1987/2019/ഉ.വി.വ തീയതി. 6.11.2019

2.തൃശ്ശൂർ എം.റ്റി.ഐ. പ്രിൻസിപ്പാളിന്റെ 26.7.2021 ലെ ഇ2/2996/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ മഹാരാജാസ് ടെക്ക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രേഡ് ഇൻസ്ട്രക്ടർ ശ്രീ.സാമുവൽ ഡി.സാഗറിന് പഠനാവശ്യത്തിനായി വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്ക്നിക്ക് കോളേജിലെ Junior Instructor in Ratton തസ്തികയിൽ മേൽ വായന (1) പ്രകാരം താൽക്കാലികമായി സ്ഥലംമാറ്റം അനുവദിച്ചിരുന്നു. ബി-ടെക്ക് കോഴ്സിന്റെ എട്ടാം സെമസ്റ്റർ പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ എം.റ്റി.ഐ. യിൽ തന്നെ നിയമിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എ.റ്റി.ഐ.യിൽ ഈ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് സ്ഥാപനത്തിലെ അദ്ധ്യയനവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ടെന്ന് വായന (2) പ്രകാരം പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

ശ്രീ.സാമുവൽ.ഡി.സാഗറിന്റെ തിരുവനന്തപുരം കേളേജ് ഓഫ് എഞ്ചിനീയറിംഗിലെ ബി-ടെക്ക് പഠനം പൂർത്തിയായ സാഹചര്യത്തിൽ വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്ക്നിക്ക് കോളേജിൽ നിന്നും ടിയാളെ തൃശ്ശൂർ മഹാരാജാസ് ടെക്ക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ഉടൻ പ്രാബല്യത്തിൽ ടിയാളെ വിടുതൽ ചെയ്യേണ്ടതും, വിടുതൽ പ്രവേശന വിവരങ്ങൾ ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

ഒപ്പ് /-

ഡോ. സിസ തോമസ്

സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി എസ്)

പകർപ്പ്

1.പ്രിൻസിപ്പാൾ

സെൻട്രൽ പോളിടെക്ക്നിക്ക് കോളേജ്,വട്ടിയൂർക്കാവ്

2.പ്രിൻസിപ്പാൾ

മഹാരാജാസ് ടെക്ക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,തൃശ്ശൂർ

3.വ്യക്തിക്ക് (സെൻട്രൽ പോളിടെക്ക്നിക്ക് കോളേജ് പ്രിൻസിപ്പാൾ മുഖേന)

ആഫീസ് പകർപ്പ്/കരുതൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്


Draft #2 of File EB2/27396/19/DTE Approved by Senior Joint Director (ECS) on 09-Sep-2021 12:01 PM - Page 1